(സി) ഈ വർഷം ദേശീയ തലത്തിലും അന്തർദ്ദേശീയ തലത്തിലുമുള്ള ഏതെല്ലാം മേളകളിൽ പങ്കെടുത്തിട്ടുണ്ട്; വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) ഉണ്ട്.

(ബി) 2003-ൽ ദേശീയ തലത്തിൽ 5-ഉം, അന്തർദ്ദേശീയ തലത്തിൽ 4-ഉം അവാർഡുകൾ ടൂറിസം വകുപ്പിന് ലഭിച്ചിട്ടുണ്ട്. † (അനുബന്ധം III കാണുക).

(സി) 2003-04 വർഷങ്ങളിൽ ദേശീയതലത്തിൽ 11-ഉം, അന്തർദ്ദേശീയ തലത്തിൽ 8-ഉം മേളകളിൽ ടൂറിസം വകുപ്പ് പങ്കെടുത്തിട്ടുണ്ട്. †(അനുബന്ധം III (എ) കാണുക).

ഭൂഗർഭ ജലവിഭവ സമ്പത്ത് സംരക്ഷിക്കുന്നതിനും, ജലത്തിന്റെ ദുരുപയോഗവും ചൂഷണവും തടയുന്നതിനുമുള്ള നടപടി

*29[359] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂഗർഭജല വിഭവ സമ്പത്ത് സംരക്ഷിക്കുന്നതിനും ജല ത്തിന്റെ ദുരുപയോഗവും ചൂഷണവും തടയുന്നതിനും എന്തെല്ലാം നടപടികൾ സ്വീക രിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) വീടുകളിൽ ഗാർഹികോപയോഗത്തിന് കിണറുകളും കുഴൽ കിണറുകളും നിർമ്മിക്കുന്നതിന് എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയി ട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) വ്യാവസായികാവശ്യത്തിന് കുഴൽ കിണറുകളും, കിണറുകളും, കുളങ്ങളും നിർമ്മിക്കുന്നതിന് നിലവിൽ നിയന്ത്രണങ്ങളുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഭൂഗർഭ ജലത്തിന്റെ ദുരുപയോഗം തടയുന്നതിന് ആവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

† അനുബന്ധം III, III(എ)

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും കുടിവെള്ളം എത്തിക്കുന്നതിനുള്ള മാസ്റ്റർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഗുണഫലങ്ങൾ എന്നത്തേക്ക് അനുഭവിക്കാനാകും എന്ന് വ്യക്തമാക്കാമോ; ഇതു സംബന്ധിച്ച വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) സംസ്ഥാനത്ത് ഭൂജലത്തിന്റെ ക്രമീകരണത്തിനും നിയന്ത്രണത്തിനുമായി 'ഭൂജല ആക്റ്റ്' 16-12-2003 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ഈ ആക്റ്റ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെടുന്ന പ്രദേശങ്ങളിൽ ഭൂജലത്തിന്റെ വിനിയോഗത്തിൽ ക്രമീകരണം ഏർപ്പെടുത്തുവാൻ കഴിയുന്നതാണ്. ഭൂജലത്തിന്റെ അളവ് കൂട്ടുന്നതിനായി മഴവെള്ള ശേഖരണ പദ്ധതി, കൃത്രിമ ഭൂജല സംരക്ഷണ പദ്ധതി എന്നിവയും ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു.

(ബി) ഇല്ല.

(സി) നിലവിൽ നിയന്ത്രണങ്ങൾ ഇല്ല.

(ഡി) സംസ്ഥാനത്ത് ഭൂഗർഭജല സമ്പത്ത് സംരക്ഷിക്കുന്നതിനും, ജലത്തിന്റെ ദുരുപയോഗം തടയുന്നതിനും വേണ്ടിയുള്ള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്റ്റ്, 2003 ഡിസംബർ 16-ാം തീയതി മുതൽ പ്രാബല്യത്തിൽ വന്നു. ഈ ആക്റ്റ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെടുന്ന പ്രദേശങ്ങളിൽ ഭൂജലത്തിന്റെ അമിത ഉപയോഗം തടയുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ കഴിയുന്നതാണ്.

(ഇ) സ്ഥല ലഭ്യതയുടേയും ധനലഭ്യതയുടേയും അടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റി സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും 2006-07-ഓടുകൂടി കുടിവെള്ളം നൽകുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനായി അതോറിറ്റി ഏറ്റെടുത്തിരിക്കുന്ന പദ്ധതികൾ ചുവടെ ചേർത്തിരിക്കുന്നു:

1. കേന്ദ്ര സഹായത്തോടെ 118 ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ.
2. കേന്ദ്ര സഹായത്തോടെ 7 ത്വരിത നഗര ശുദ്ധജല വിതരണ പദ്ധതികൾ.
3. 90% കേന്ദ്ര സഹായത്തോടെയും 10% ഉപഭോക്തൃ വിഹിതത്തോടെയും ഉള്ള 111 ചെറുകിട ശുദ്ധജല വിതരണ പദ്ധതികൾ.
4. എൻ. സി./പി. സി. വാർഡുകളിലേക്ക് കുടിവെള്ളം എത്തിക്കുന്നതിനുള്ള 434 പദ്ധതികൾ.

LIBRARY ARCHIVES Kerala Legislative Assembly

5. 11-ാം ധനകാര്യ കമ്മീഷന്റെ പരിപാടിയിലുള്ളതും പണികൾ നടന്നുവരുന്നതുമായ 12 പദ്ധതികൾ.

6. പി.എം.ജി.വൈ. 279 പദ്ധതികൾ.

7. 90% കേന്ദ്ര സഹായവും 10% ഉപഭോക്തൃ വിഹിതവും ഉള്ള 327 'വർഷാ' യൂണിറ്റുകൾ.

8. എൽ.ഐ.സി./ഹഡ്കോ എന്നിവയുടെ ധനസഹായത്തോടെ നടപ്പിലാക്കി വരുന്ന 124 ശുദ്ധജല പദ്ധതികൾ.

9. ടെക്നോളജി മിഷന്റെ കീഴിൽ നടപ്പിലാക്കി വരുന്ന 10 ശുദ്ധജല വിതരണ പദ്ധതികൾ.

10. 90% കേന്ദ്ര സഹായവും 10% ഉപഭോക്തൃ വിഹിതവും ഉള്ള 202 'സ്വജൽധാര' പദ്ധതികൾ.

11. ജെ.ബി.ഐ.സി. സഹായത്തോടെയുള്ള 5 വൻകിട പദ്ധതികൾ.

12. നബാർഡിന്റെ സഹായത്തോടെ 8 പുതിയ പദ്ധതികളുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ഇവയ്ക്ക് പുറമെ ജലനിധി പദ്ധതി സെക്ടർ റിഫോംസ് പദ്ധതി, സ്വജല ധാരാ പദ്ധതി, പഞ്ചായത്തുകൾ നടപ്പാക്കുന്ന പദ്ധതികൾ എന്നിവ മുഖേന കുടിവെള്ളമെത്തിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

പവർ പർച്ചേസ് എഗ്രിമെന്റ്

*30[360]ശ്രീ. സി. പി. മുഹമ്മദ്:
,, വി. ബാലറാം:
,, ടി. വി. ചന്ദ്രമോഹൻ:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ എത്ര താപവൈദ്യുത നിലയങ്ങളുണ്ട്; അവ ഏതെല്ലാം;

(ബി) അവയുമായുണ്ടാക്കിയ പവർ പർച്ചേസ് എഗ്രിമെന്റ് അനുസരിച്ച് ഓരോ വർഷവും എത്ര വൈദ്യുതി വീതം ഇവരിൽ നിന്ന് വാങ്ങണമെന്നും വാങ്ങാത്തപക്ഷം കൊടുക്കേണ്ട ഫിക്സഡ് കോസ്റ്റ് എത്ര വീതമാണെന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly